നം **ഡിബിറ്റി 12651/2015**

**പഞ്ചായത്ത് ഡയറക്ടറാഫീസ് ,**

**തിരുവനന്തപുരം , തീയതി 05/08/2015**

# <u>സർക്കുലർ</u>

**വിഷയം – ഡിബിറ്റി -സാമൂഹ്യ ക്ഷേമപെൻഷനുകളുടെ വിതരണം സംബന്ധിച്ച്**

**സൂചന – പഞ്ചായത്ത് ഡയറക്ടറുടെ ചേംബറിൽ 22.07.2015 ന് ചേർന്ന യോഗ തീരുമാനം**

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2015 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ വിതരണം എല്ലാ ജില്ലകളിലും നടത്തിയതിൽ പ്രായോഗിക തലത്തിൽ കണ്ടെത്തിയിട്ടുള്ള പ്രശ്നങ്ങളുടെയും ഈ ആഫീസിൽ നിന്നും മുൻപ് നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർന്നും അപാകതകൾ ഒഴിവാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 2015 ആഗസ്റ്റ് മാസം പെൻഷൻ വിതരണം നടത്തുന്നതിലേയ്ക്ക് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 2015 ആഗസ്റ്റ് 9–ാം തീയതി രാത്രി 12 മണി വരെ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ വെബ് സൈറ്റിൽ നൽകുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. പ്രസ്തുത സമയത്തിന് ശേഷം അയക്കുന്ന / തിരുത്തൽ വരുത്തുന്ന ഡാറ്റ യാതൊരു കാരണവശാലും ഓണത്തിന് മുമ്പായി പെൻഷൻ അയക്കുന്നതിന് സ്വീകരിക്കുന്നതല്ല.

2) 2015 ഫെബ്രുവരി, മാർച്ച്, മെയ് എന്നീ മാസങ്ങളിലെ പെൻഷൻ തുകയാണ് 2015 ആഗസ്റ്റ് മാസം വിതരണം നടത്തുന്നത് എന്നുള്ളതിനാൽ ഇക്കാലയളവിൽ പെൻഷൻ ലഭിക്കേണ്ട മുഴുവൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് അപ് ലോഡ് ചെയ്തുവെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്. അതുപോലെ തന്നെ വിവിധ കാരണങ്ങളാൽ പെൻഷൻ അർഹതയില്ലാതാകുന്നവരെ / മരണപ്പെട്ട ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്യേണ്ടതാണ്.

3) 2015 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ വിതരണം നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ വെബ്സൈറ്റ് , ഇ മെയിൽ, കത്തുകൾ, ടെലഫോൺ സന്ദേശം എന്നിവ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. പ്രസ്തുത തെറ്റുകൾ തിരുത്തി ഡാറ്റ കൃത്യമാക്കി ഡിജിറ്റൽ സിഗ്നേച്ചർ മുഖേന അധികൃതമാക്കിയാൽ മാത്രമേ മുഴുവൻ ഗുണഭോക്താക്കൾക്കും ഓണത്തിന് മുമ്പ് പെൻഷൻ ലഭ്യമാക്കാനാകുകയുള്ളുവെന്ന വിവരം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിലുണ്ടാവേണ്ടതാണ്. വെബ്സൈറ്റിൽ നിലവിലുള്ള ഡേറ്റാ ഒത്തു നോക്കി ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തെറ്റുകളുള്ള പക്ഷം ടെക്നിക്കൽ അസിസ്റ്റന്റ്മാർ മുഖാന്തിരം ഉടനടി ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

4) ഡിജിറ്റൽ സിഗ്നേച്ചർ മുഖേന അധികൃതമാക്കാത്ത ഡാറ്റ, പെൻഷൻ പെൻഷൻ വിതരണത്തിന് ഉപയോഗിക്കുന്നതല്ല.

5) ബാങ്ക് അക്കൗണ്ട്, പോസ്റ്റോഫീസ് അക്കൗണ്ട്, ഇലക്ട്രോണിക്ക് മണിയോർഡർ എന്നിവയിലേതെങ്കിലും ഒരു രീതി തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ തുക അയക്കുന്നതല്ല. ശാരീരിക അവശതകളോ വൈകല്യങ്ങളോ ഉള്ള ഗുണഭോക്താക്കൾക്ക് മാത്രമായി ഇലക്ട്രോണിക്ക് മണിയോർഡർ സംവിധാനം പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ അർഹതയില്ലാത്തവർക്ക് ഇലക്ട്രോണിക്ക് മണിയോർഡർ സംവിധാനം തെരഞ്ഞെടുത്ത് നൽകാവുന്നതല്ലെന്നും ബാധ്യതകൾ വല്ലതും ഓഡിറ്റിൽ ചൂണ്ടിക്കാണിക്കപ്പെടുകയാണെങ്കിൽ ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതാണെന്നുമുള്ള വിവരം അറിയിക്കുന്നു. മണിയോർഡർ സംവിധാനത്തിന് അർഹതയില്ലാത്ത ഗുണഭോക്താക്കളെ ബാങ്ക്/ പോസ്റ്റോഫീസ് അക്കൗണ്ടുകളിലേയ്ക്ക് അടിയന്തിരമായി മാറ്റേണ്ടതാണ്.

6) ജില്ലാ തല ഉദ്യോഗസ്ഥന്മാർ പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർദ്ദേശങ്ങൾ യഥാസമയം പാലിക്കുന്നുവെന്നും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടു തന്നെയാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്നും ഉറപ്പാക്കേണ്ടതും അപാകതകൾ മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

7) പോസ്റ്റോഫീസ് അക്കൗണ്ടുകളിൽ നിന്നും തുക വിതരണം നടത്തുമ്പോഴുള്ള അനിയന്ത്രിതമായ തിരക്കൊഴിവാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പോസ്റ്റോഫീസുകളുമായി സഹകരിച്ച് ഓരോ പെൻഷനും നിശ്ചിത ദിവസങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സംയുക്തമായി സ്വീകരിക്കേണ്ടതാണ്. അപ്രകാരം വിതരണം ചെയ്യുന്ന പെൻഷൻ ഇനം ,വിതരണം ചെയ്യുന്ന തീയതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപന ഓഫീസിലും പോസ്റ്റോഫീസിലും പ്രദർശിപ്പിയ്ക്കേണ്ടതാണ്.

8) തെറ്റായ പോസ്റ്റോഫീസ് കോഡുകൾ/ ഐ.എഫ്.എസ്. കോഡുകൾ, അക്കൗണ്ട് നമ്പരുകൾ, മരവിപ്പിച്ച അക്കൗണ്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട തകരാറുകൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട ബാങ്ക് / പോസ്റ്റോഫീസ് അധികൃതരോടൊപ്പം സംയുക്ത പരിശോധന നടത്തേണ്ടതും അപാകതകൾ പരിഹരിച്ച് ഡാറ്റ കുറ്റമറ്റതാക്കേണ്ടതുമാണ്.

9) ഗുണഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും ബാങ്ക് പോസ്റ്റോഫിസ് അക്കൗണ്ടുകളിൽ എതെങ്കിലും ഒന്ന് തെരഞ്ഞെടുത്ത് പ്രസ്തുത അക്കൗണ്ടുകൾ വഴി തുക ലഭിക്കുന്നതിനുള്ള ഓപ്ഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നൽകാവുന്നതും (ആവശ്യമായ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്) ആയതനുസരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഓപ്ഷൻ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടുകൾ മാറ്റി ഡാറ്റ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

10) ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരുകൾ രേഖപ്പെടുത്തുമ്പോൾ തെറ്റുകൾ സംഭവിക്കാതിരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതാണ്. അല്ലാത്ത പക്ഷം മറ്റുള്ള വ്യക്തികൾക്ക് തെറ്റായി തുക ലഭിക്കാൻ സാധ്യതയുള്ളതും ആയതിന് പ്രസ്തുത ഉദ്യോഗസ്ഥർ ബാധ്യതയുള്ളവരായി തീരുന്നതുമാണ്. ഗുണഭോക്താക്കളുടെ അക്കൗണ്ടുകൾ ആധാറുമായി ബന്ധപ്പെടുത്തുന്നത് തെറ്റായ അക്കൗണ്ടുകളിലേയ്ക്ക് തുക പോകാതിരിക്കാൻ സഹായിക്കുന്നതാണ്.

**(ഒപ്പ്)**
**സി. എ. ലത ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**
**(നോഡൽ ഓഫീസർ ഡി.ബി.റ്റി)**

1.നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2.എല്ലാ കോർപ്പറേഷൻ / നഗരസഭ സെക്രട്ടറിമാർക്കും (നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
3. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
4 എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം)
5. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐകെഎം (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
6. കരുതൽ/അധികം

ആജ്ഞാനുസരണം,



സൂപ്രണ്ട്